# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 14, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

<u>കർഷക ഗ്രൂപ്പുകൾ</u>

*121 ശ്രീ. വർക്കല കഹാർ
,, ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് വിറ്റഴിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഇല്ലാതാക്കാനും എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുള്ളത് ; വിശദമാക്കുമോ ;

(ഡി) ഉല്പന്നങ്ങൾ വിറ്റഴിക്കാതെ വരികയാണെങ്കിൽ അവ ലേലം ചെയ്യുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് അവകാശം നൽകുന്നകാര്യം പരിഗണിക്കുമോ ?

## കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>നഗരങ്ങളിലെ സ്വീവേറജ് സംവിധാനം</u>

*122 ശ്രീ. പി.കെ. ബഷീർ
,, കെ.എം.ഷാജി
,, പി.ഉബൈദുള്ള
,, കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ സ്വീവേറജ് സംവിധാനം കാര്യക്ഷമമാക്കുന്നകാര്യത്തിൽ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്നും, എന്തൊക്കെ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടെന്നും വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര നഗരങ്ങളിൽ കുറ്റമറ്റ സ്വീവറേജ് സംവിധാനം നിലവിലുണ്ട്; ഏതൊക്കെ നഗരങ്ങളിലും ചെറുപട്ടണങ്ങളിലും കാര്യക്ഷമമായ സ്വീവേജ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു;

(സി) നിലവിലെ സ്വീവറേജ് സംവിധാനം ആധുനീകരിക്കാൻ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ എവിടെയൊക്കെയാണ് നടപ്പാക്കി വന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കോർപ്പറേഷൻ പരിധിയിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ</u>

*123 ശ്രീ. വി. ശിവൻകുട്ടി
,, കോടിയേരി ബാലകൃഷ്ണൻ
,, പി. കെ. ഗുരുദാസൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിച്ചുവരുന്ന എത്ര മാലിന്യ സംസ്കരണ പ്ലാന്റുകൾ അടച്ചുപൂട്ടാൻ ഉത്തരവിട്ടു;

(ബി) മാലിന്യ സംസ്കരണ പ്ലാന്റുകൾ അടച്ചുപൂട്ടിയതിനെ തുടർന്ന് ഈ കോർപ്പറേഷനുകളിൽ ഉടലെടുത്ത മാലിന്യപ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച പരിഹാര നടപടികൾ വിശദമാക്കാമോ;

(സി) നിലവിലുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ രീതിയിൽ നിന്നും വ്യത്യസ്തമായ ബദൽ സംസ്കരണ രീതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>വെറ്ററിനറി സർവ്വകലാശാലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

*124 ശ്രീ. കെ. രാധാകൃഷ്ണൻ
,, എസ്. രാജേന്ദ്രൻ
,, സാജു പോൾ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവ്വകലാശാലയ്ക്ക് കേന്ദ്ര ഗവൺമെന്റും നബാർഡും നൽകുന്ന സഹായം ഉപയോഗിച്ച് എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് പ്ലാൻ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ കരാറുമായി ബന്ധപ്പെട്ട് ബി.എസ്.എൻ.എല്ലുമായി ഉണ്ടാക്കിയ ധാരണ എന്തായിരുന്നു; കൺസൾട്ടൻസിയ്ക്ക് വേണ്ടി എംപാനൽ ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഏതൊക്കെയായിരുന്നു;

(സി) നിർമ്മാണത്തിനും കൺസൾട്ടൻസിക്കും വേണ്ടി സർവ്വകലാശാല എടുത്ത തീരുമാനങ്ങളും അതിന്റെ തുടർച്ചയായ നടപടികളും പകുതിവഴിക്ക് ഉപേക്ഷിക്കുകയുണ്ടായോ;

(ഡി) ടെൻഡർ വ്യവസ്ഥകളിൽ എന്തെല്ലാം ഇളവുകൾ വരുത്തുകയുണ്ടായി; ഇത് എന്തിനുവേണ്ടിയായിരുന്നു; ഇത് നിയമാനുസൃതമായിരുന്നു എന്ന് കരുതുന്നുണ്ടോ;

(ഇ) കരാർ റദ്ദാക്കിയതും ടെൻഡർ വ്യവസ്ഥകളിൽ ഇളവ് ചെയ്തതും അതുമായി ബന്ധപ്പെട്ടുണ്ടായ ക്രമക്കേടുകളും സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ നോഡൽ ഏജൻസി</u>

*125 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
,, ഗീതാ ഗോപി
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയെ കൂടാതെ മറ്റ് ഏതെല്ലാം സമാന സംഘടനകൾ സർക്കാർ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സംസ്ഥാന നോഡൽ ഏജൻസി ആരാണ് ; ഈ സംഘടനയ്ക്ക് ഇതിനകം ഈ പദ്ധതിയ്ക്കായി എന്ത് തുക അനുവദിച്ചു;

(സി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ചാണ് ഈ സംഘടനയ്ക്ക് ഫണ്ട് നൽകിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നൽകിയ ഫണ്ട് തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) കുടുംബശ്രീ പ്രവർത്തകരുടെ സമരത്തെ തുടർന്നുണ്ടായ ഒത്തു തീർപ്പ് വ്യവസ്ഥകൾ ഏതെല്ലാം ; ഈ വ്യവസ്ഥകൾ ലംഘിച്ചിരിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ തുടർന്ന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

## കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>പന്ത്രണ്ടാം പദ്ധതിക്കുള്ള മാര്‍ഗ്ഗ രേഖ</u>

*126 ശ്രീ. സി. കൃഷ്ണന്‍
,, എ. പ്രദീപ് കുമാര്‍
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള്‍ക്കുള്ള പന്ത്രണ്ടാം പദ്ധതിക്കുള്ള മാര്‍ഗ്ഗ രേഖയില്‍, ഉല്പാദന മേഖല അവഗണിക്കപ്പെട്ടത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഉല്പാദന മേഖലയില്‍ നിശ്ചിത ശതമാനം തുക വിനിയോഗിക്കണമെന്ന നിബന്ധന മാര്‍ഗ്ഗരേഖയിലുണ്ടോ ; ഇല്ലെങ്കില്‍ കാര്‍ഷിക മേഖലയോടുള്ള ഈ അവഗണനയ്ക്കിടയാക്കിയ സാഹചര്യം എന്തായിരുന്നു; വിശദമാക്കുമോ ;

(സി) കൃഷി-മൃഗ സംരക്ഷണ മേഖലയില്‍ പദ്ധതികള്‍ ഇല്ലാത്ത അവസ്ഥ സംജാതമായിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ വ്യക്തമായ നിബന്ധനകളോടെ മാര്‍ഗ്ഗ രേഖ പുതുക്കാന്‍ തയ്യാറാകുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>നിയമവിരുദ്ധ കെട്ടിട നിർമ്മാണം</u>

*127 ശ്രീ. ഷാഫി പറമ്പിൽ
,, വർക്കല കഹാർ
,, വി.റ്റി ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരപരിധിയിൽ നിയമവിരുദ്ധ കെട്ടിട നിർമ്മാണം വ്യാപകമായി നടക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർമ്മാണം തടയുന്നതിന് നഗരകാര്യ വകുപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(സി) നഗരകാര്യ വകുപ്പിന്റെ വിജിലൻസ് സംവിധാനം കാരക്ഷമമാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

<u>കേര കർഷകർ നേരിടുന്ന പ്രതിസന്ധി</u>

*128 ശ്രീ. എം. ചന്ദ്രൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ വിലയിടിവ് മൂലം കേര കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലയിടിവിനുളള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പാമോയിൽ ഇറക്കുമതി ചെയ്യുന്നത് വിലയിടിവിന് എത്രത്തോളം കാരണമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ; ഇറക്കുമതി ചെയ്യപ്പെട്ട പാമോയിൽ സംബന്ധിച്ച വിശദാംശങ്ങൾ അറിയാമോ; എങ്കിൽ ലഭ്യമാക്കുമോ ;

(എ) ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

പി. എം. ജി. എസ്. വൈ മാനദണ്ഡങ്ങൾ

*129 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു. റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ നടപ്പിലാക്കുന്നതിൽ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രായോഗികമല്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഭരണാനുമതി കിട്ടിയ എത്ര പ്രവൃത്തികൾ നിർമ്മാണം ആരംഭിക്കാൻ കഴിയാതെ മുടങ്ങികിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള തുക</u>

*130 ശ്രീ. വി. ശശി
,, ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗനവാടികൾ മറ്റ് സമാന സ്ഥാപനങ്ങൾ എന്നിവയിലൂടെ സംസ്ഥാനത്ത് എത്ര കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ട് ;

(ബി) ഓരോ കുട്ടിക്കും പ്രതിദിനം ഭക്ഷണത്തിനായി എത്ര രൂപ ചെലവാകുന്നുണ്ട് ; ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഭക്ഷ്യ സാധനങ്ങളുടെ വിലക്കയറ്റവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ തുക പര്യാപ്തമല്ലെന്നുള്ളത് ബോധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ തുക വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഡി) കുട്ടികൾക്ക് മെച്ചപ്പെട്ട ഭക്ഷണം മുടങ്ങാതെ നൽകുന്നതിന് എന്തു നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>നെല്ലുല്പാദനം</u>

*131 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. കെ. ബാലൻ
,, എ. എം. ആരിഫ്
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെല്ലുല്പാദനം വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ ;

(ബി) നെല്ലിന്റെ കുറവ് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് നെല്ല് ഇറക്കുമതി ചെയ്ത് പരിഹരിക്കണമെന്ന കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ നിലപാടിനോട് സംസ്ഥാന സർക്കാർ യോജിക്കുന്നുണ്ടോ ;

(ഡി) സംസ്ഥാനത്തെ അരിയുടെ ആവശ്യകതയും നെല്ലിന്റെ ഉല്പാദനവും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) ഭൂവിനിയോഗം സ്വകാര്യ ഭൂ ഉടമകളുടെ തീരുമാനത്തിന് വിട്ടുകൊടുക്കാനുള്ള നീക്കം നെൽക്കൃഷിയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

**<u>മരാമത്ത് വകുപ്പ് ടാറിംഗ് നടത്തിയ കോർപ്പറേഷൻ റോഡുകൾ</u>**

*132 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, സി. മോയിൻകുട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളിലെ റോഡുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ടാറിംഗ് നടത്തുകയുണ്ടായോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ബി) പ്രസ്തുത റോഡുകളുടെ പേരിൽ നഗരസഭാ കോൺട്രാക്ടർമാർ നഗരസഭകളുടെ ഫണ്ടിൽ നിന്നും ബില്ല് മാറിയെടുത്തു എന്ന ആരോപണം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) പൊതുമരാമത്ത് ഇപ്രകാരം ഇരട്ട പേയ്മെന്റ് നടത്തിയിട്ടുണ്ടോ എന്ന് കണ്ടെത്താൻ സമഗ്രമായ അന്വേഷണം നടത്തുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>സമഗ്ര കാർഷിക വിള ഇൻഷ്വറൻസ്</u>

*133 ശ്രീ. വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇൻഷ്വറൻസ് പരിരക്ഷ ഏതെല്ലാം സാഹചര്യങ്ങളിലാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

വിശ്വമലയാള മഹോത്സവം

*134 ശ്രീ. പി. റ്റി. എ. റഹീം
,, ജി. സുധാകരൻ
,, പുരുഷൻ കടലുണ്ടി
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വമലയാള മഹോത്സവം സംഘടിപ്പിച്ചതിലുണ്ടായ ഗുരുതരമായ വീഴ്ചകൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വീഴ്ചകൾ വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത മഹോത്സവത്തിന് ആദ്യഘട്ടത്തിൽ എന്തു തുക ചെലവ് പ്രതീക്ഷിച്ചിരുന്നു ; യഥാർത്ഥത്തിൽ ചെലവായ തുക സംബന്ധിച്ച് വിശദമാക്കാമോ ;

(സി) പ്രസ്തുത മഹോത്സവം മലയാള ഭാഷയ്ക്ക് എന്തെങ്കിലും നേട്ടമുണ്ടാക്കിയോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ വിശദമാക്കാമോ ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

**കര്‍ഷക കടാശ്വാസ കമ്മീഷന്‍**

*135 ഡോ. എന്‍. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍
'' പി.സി. ജോര്‍ജ്
'' റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന കര്‍ഷക കടാശ്വാസ കമ്മീഷന്‍ ഏതു കാലയളവു വരെയുള്ള അപേക്ഷകളാണ് കര്‍ഷകരില്‍ നിന്നും ഇപ്പോള്‍ സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ബാങ്കുകളില്‍ നിന്നുള്ള കാര്‍ഷിക കടങ്ങള്‍ക്കാണ് ഇപ്പോള്‍ പ്രസ്തുത കമ്മീഷന്റെ കടാശ്വാസം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ദേശസാല്‍കൃത, ഷെഡ്യൂള്‍ഡ് ബാങ്കുകളില്‍ നിന്നും കാര്‍ഷികാവശ്യത്തിനു കടം എടുത്ത കര്‍ഷകരെ കൂടി പ്രസ്തുത കമ്മീഷന്റെ പരിധിയില്‍ കൊണ്ടുവരുന്നതിനു നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ നിരോധനം</u>

T *136 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കെ. നാരായണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ നിരോധനം പിൻവലിക്കണമെന്ന കേന്ദ്രസർക്കാർ നിലപാട് സുപ്രീം കോടതി സ്വീകരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കാര്യത്തിൽ എന്തു നിലപാടാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(സി) കേന്ദ്ര സർക്കാരിനെ സംസ്ഥാനത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ ;

(ഡി) വിദഗ്ദ്ധസമിതിയുടെ മുമ്പാകെ നിലപാട് വ്യക്തമാക്കിയിരുന്നോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

<u>കാർഷിക പാക്കേജുകളുടെ വിശദാംശങ്ങൾ</u>

*137 ശ്രീ. ഇ. പി. ജയരാജൻ
,, വി. ചെന്താമരാക്ഷൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കി വരുന്ന കാർഷിക പാക്കേജുകളുടെ ആകെ അടങ്കൽ തുക എത്രയാണ്; ഇതിൽ നാളിതുവരെ എന്ത് തുക അനുവദിച്ചുവെന്ന് പാക്കേജ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എന്ത് തുക നാളിതുവരെ ചെലവഴിച്ചുവെന്നറിയിക്കുമോ; ഇത് അനുവദിച്ച തുകയുടെ എത്ര ശതമാനം വരുമെന്നറിയിക്കുമോ;

(സി) പ്രസ്തുത പാക്കേജുകൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പാക്കേജുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിന് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ കാരണമായിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

ഇന്ദിര ആവാസ് യോജന

*138 ശ്രീ. രാജു എബ്രഹാം
,, പി. കെ. ഗുരുദാസൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ദിരാ ആവാസ് യോജനയുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) 2012–13 വർഷത്തേക്ക് പ്രസ്തുത പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാരിന്റെ വിഹിതത്തിന് പുറമേ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടുന്ന വിഹിതം സർക്കാർ അനുവദിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുകയുടെ അപര്യാപ്തതമൂലം പദ്ധതി അവതാളത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

മാലിന്യ സംസ്കരണ പദ്ധതികളും മാലിന്യ നിർമ്മാർജ്ജനവും

*139 ശ്രീ. എ.കെ. ബാലൻ
,, എസ്. ശർമ്മ
,, ബി. സത്യൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നതും, മാലിന്യ സംസ്കരണ പദ്ധതികൾ അവതാളത്തിലായിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാലിന്യനിർമ്മാർജ്ജനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാത്രം ജോലിയാണെന്ന നിലപാട് തിരുത്താൻ തയ്യാറാകുമോ;

(സി) മാലിന്യസംസ്കരണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കൊല്ലം ഇതിനായി ലക്ഷ്യമിട്ട പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കപ്പെട്ടിട്ടുണ്ടോ; ഈ രംഗത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>പ്രവാസി കമ്മീഷൻ</u>

*140 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, എം. ഹംസ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റാറ്റ്യൂട്ടറി അധികാരത്തോടെ സംസ്ഥാനത്ത് പ്രവാസി കമ്മീഷൻ രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ആവശ്യം പരിശോധിക്കുകയുണ്ടായോ ;

(സി) പ്രവാസികളുടെ പ്രശ്നങ്ങൾ ഗൗരവമായി പരിഗണിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഇത്തരമൊരു കമ്മീഷൻ രൂപീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.12.2012-ലെ മറുപടിക്ക്

<u>സുരഭി രക്ഷാപദ്ധതി</u>

*141 ശ്രീ. റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ
,, എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും സ്റ്റേഷനറിയും അച്ചടിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുരഭി രക്ഷാപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കന്നുകുട്ടികളുടെ സുരക്ഷയ്ക്കും ആരോഗ്യത്തിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ഡി) കന്നുകുട്ടികളെ വളർത്തുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് പദ്ധതിയനുസരിച്ച് നൽകുന്നത്. വിശദമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്</u>

*142 ശ്രീ. സാജു പോൾ
,, ജി. സുധാകരൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹികക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിലെ പിന്നിട്ട മാസങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ വർഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം ആരംഭിച്ചത് എന്ന് മുതൽക്കാണ് ; ഇതിനകം എത്ര ശതമാനം തുക ചെലവഴിക്കുകയുണ്ടായി; വിശദമാക്കുമോ;

(സി) സാമ്പത്തികവർഷാവസാനം പദ്ധതിപ്പണം തിടുക്കത്തിൽ ചെലവഴിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി നിർവ്വഹണം തകതാറിലായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

സ്വീവേജ് സംസ്കരണം

*143 ശ്രീ. സി. മമ്മൂട്ടി
" എം. പി. അബ്ദുസ്സമദ് സമദാനി
" എൻ. എ. നെല്ലിക്കുന്ന്
" എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ സ്വീവേജ് മാലിന്യത്തിൽ നിന്നും പാചകവാതകവും വൈദ്യുതിയും വളവും ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഇത്തരം പദ്ധതി എവിടെയെങ്കിലും നടപ്പാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ചെറുതും വലുതുമായ നഗരങ്ങളിൽ സ്വീവേജ് സംസ്ക്കരിച്ച് പാചകവാതകം, വൈദ്യുതി, വളം എന്നിവ ഉത്പാദിപ്പിക്കുന്നതിനും വേർതിരിക്കപ്പെടുന്ന ജലം സംസ്ക്കരിച്ച് കൃഷിയാവശ്യങ്ങൾക്ക് വിതരണം ചെയ്യുന്നതിനുമുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നകാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

സ്ത്രീ ശാക്തീകരണ മിഷൻ

*144 ശ്രീ. സി. പി. മുഹമ്മദ്
,, ഷാഫി പറമ്പിൽ
,, ലൂഡിലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീ ശാക്തീകരണത്തിനായി മിഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സാമൂഹ്യ, വിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിലെ ശാക്തീകരണത്തിന് മിഷന്റെ പ്രവർത്തനം എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്, വിശദമാക്കുമോ;

(ഡി) മിഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

തൊഴിൽസേന

*145 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, കെ. അച്ചുതൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകളിൽ തൊഴിൽസേന രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) തൊഴിൽ സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; വിശാദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവയുടെ പ്രവർത്തനം നടപ്പാക്കുന്നത് ;

(ഇ) കാർഷിക രംഗത്ത് എന്തെല്ലാം സഹായങ്ങളാണ് ഈ സേനവഴി ലഭ്യമാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>കാർഷിക സേവന കേന്ദ്രങ്ങൾ</u>

*146 ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ.
,, സണ്ണി ജോസഫ്.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും കുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ കാർഷിക പ്രതിസന്ധിക്കു പരിഹാരം കാണാൻ എന്തൊക്കെ സൗകര്യങ്ങളാണ് സേവനകേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എവിടെയൊക്കെയാണ് ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഈ കേന്ദ്രങ്ങൾ ആരുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത് ?

# കേരള നിയമസഭ
# 14.12.2012–ലെ മറുപടിക്ക്

കോക്കനട്ട് ബയോപാർക്കുകൾ

*147 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൂന്നു കോക്കനട്ട് ബയോപാർക്കുകൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) വടക്കൻ മേഖലയിലെ ബയോപാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ബയോപാർക്ക് മഞ്ചേശ്വരത്ത് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

<u>പ്രവാസികൾ നേരിടുന്ന യാത്രാ ദുരിതങ്ങൾ</u>

*148 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എയർ ഇന്ത്യ അടക്കമുള്ള വിമാനക്കമ്പനികളുടെ പ്രവാസികളോടുള്ള സമീപനം കാരണം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരക്കുള്ള സമയത്ത് യാത്രാനിരക്ക് വർദ്ധിപ്പിക്കുക, വിമാനം റദ്ദാക്കുക, യാത്രക്കാരോട് മോശമായി പെരുമാറുക തുടങ്ങിയവയ്ക്ക് എതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.12.2012-ലെ മറുപടിക്ക്

വിഷൻ 2030

*149 ശ്രീ. വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഷൻ 2030-ന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) വിഷൻ 2030 സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് എത്ര നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട് ;

(സി) ഇതു സംബന്ധിച്ച് ദർശനരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ ഇന്ത്യക്കകത്തും പുറത്തുമുള്ള വിദഗ്ദ്ധരുടെ അഭിപ്രായം തേടുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 14.12.2012–ലെ മറുപടിക്ക്

<u>തദ്ദേശ സ്ഥാപനങ്ങൾക്കു നൽകുന്ന പ്ലാൻഫണ്ട്</u>

*150 ശ്രീ. സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങൾക്കു നൽകുന്ന പ്ലാൻ ഫണ്ട് വിനിയോഗത്തിന്റെ കാലാവധി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കാലാവധി വർദ്ധിപ്പിക്കുന്നതു മൂലം എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ സംവിധാനത്തിൽ കണ്ടെത്തിയ പോരായ്മകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ഡിസംബർ 05.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.